പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6582 | 12.07.2012 ൽ മറുപടിയ്ക്ക്

ഏച്ചൂർ സെക്ഷനാഫീസിൽ നിന്നും കൺസ്യൂമർമാരെ മാറ്റുന്നതിനുള്ള തീരുമാനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജെയിംസ് മാത്യു | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ ഏച്ചൂർ സെക്ഷനാഫീസിനു കീഴിൽ നിലവിൽ എത്ര ഉപഭോക്താക്കളുണ്ട്; | (എ) 22,295 ഉപഭോക്താക്കൾ. |
| (ബി) ഉപഭോക്താക്കളുടെ എണ്ണം എത്ര കണ്ട് വർദ്ധിക്കുമ്പോഴാണ് നിലവിലുള്ളസെക്ഷനാഫീസുകൾ വിഭജിക്കുന്നത്; ഇപ്രകാരം വിഭജിക്കപ്പെടുന്ന സെക്ഷൻ ഓഫീസുകളിൽ എത്ര ഉപഭോക്താക്കളാണ് ഉണ്ടായിരിക്കേണ്ടത്; | (ബി) 25,000 ഉപഭോക്താക്കളിൽ കൂടുതലുള്ള സെക്ഷനുകളും, 20,000-ത്തിലേറെ ഉപഭോക്താക്കളും 100 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവുമുള്ള സെക്ഷനുകളുമാണ് വിഭജനത്തിനായി പരിഗണിക്കുന്നത്. 20,000-ത്തിലേറെ ഉപഭോക്താക്കൾ വരുന്ന സെക്ഷനുകൾ വിഭജിക്കുമ്പോൾ ഏകദേശം പകുതിയെങ്കിലും ഉപഭോക്താക്കൾ പുതിയ സെക്ഷനിൽ വരുന്ന പ്രകാരം പുനഃക്രമീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) മയ്യിൽ സെക്ഷനാഫീസിനു കീഴിൽ എത്ര ഉപഭോക്താക്കളുണ്ട്; | (സി) 7,141 ഉപഭോക്താക്കൾ. |
| (ഡി) ഏച്ചൂർ സെക്ഷനാഫീസിൽ നിന്നും മയ്യിൽ ആഫീസിനു കീഴിലേക്ക് ഉപഭോക്താക്കളെ മാറ്റുന്നതിനു തീരുമാനിച്ചിട്ടുണ്ടോ; | (ഡി) ഏച്ചൂർ സെക്ഷൻ ഓഫീസ് പരിധിയിലുള്ള അരിയിടത്ത്ചിറ, നിരന്തോട്, തായംപൊയിൽ പ്രദേശങ്ങളിലുള്ള 2,032 ഉപഭോക്താക്കളെ മയ്യിൽ സെക്ഷന്റെ പരിധിയിലേയ്ക്ക് മാറ്റാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

(...2)

| | | | |
|---|---|---|---|
| (ഇ) | ഉണ്ടെങ്കിൽ അപ്രകാരം മാറ്റുന്നതിനുള്ള കാരണം വ്യക്തമാക്കുമോ? | (ഇ) | പ്രസ്തുത പ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന്റെ സാദ്ധ്യത പരിഗണിച്ചാണ് ഉപഭോക്താക്കളെ മാറ്റാൻ ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ